ധനകാര്യ സെക്രട്ടറിമാർ, ആസൂത്രണ കമ്മീഷനിൽ നിന്നും ധനമന്ത്രാലയത്തിൽ നിന്നുമുള്ള മറ്റ് പ്രതിനിധികൾ എന്നിവർ അംഗങ്ങളായും ഒരു ഔദ്യോഗിക കമ്മിറ്റി രൂപീകരിക്കുമെന്ന് കേന്ദ്രം അറിയിച്ചിരുന്നു. ഇതിനെത്തുടർന്ന് സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രശ്നങ്ങൾ പ്രസ്തുത കമ്മിറ്റി പരിഗണിക്കണമെന്ന് കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിൻമേലുള്ള മേൽ നടപടികളെക്കുറിച്ചുള്ള വിശദാംശങ്ങൾ ആസൂത്രണ കമ്മീഷനിൽ നിന്നും ലഭിച്ചിട്ടില്ല.

19 (*19) തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച്

ശ്രീ. എ.വി. അബ്ദു റഹിമാൻ ഹാജി :

ശ്രീ. ഇ.റ്റി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആവശ്യം സർക്കാർ അംഗീകരിക്കുന്നുണ്ടോ;

(സി) ഇതു സംബന്ധിച്ച് എന്തു തീരുമാനം എടുത്തു എന്ന് വ്യക്തമാക്കുമോ;

(ഡി) തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് അനുവദിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) ഉണ്ട്.

(ബി),(സി)&(ഡി) ജസ്വന്ത് സിംഗ് കമ്മീഷൻ റിപ്പോർട്ടിലെ വ്യവസ്ഥകളും, സംസ്ഥാന പുനഃസംഘടനാ നിയമത്തിലെ വ്യവസ്ഥകളും പാലിച്ചുകൊണ്ടു മാത്രമെ സംസ്ഥാന സർക്കാരിനും കേന്ദ്ര സർക്കാരിനും ഇക്കാര്യത്തിൽ തീരുമാനമെടുക്കാനാവൂ.ഒ.പി.20096/97 ആയി തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ് കോടതി തള്ളുകയാണുണ്ടായത്.

20 (*20) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം

ശ്രീ. പിരപ്പൻകോട് മുരളി :

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) പ്രസ്തുത വിമാനത്താവളത്തിന്റെ പണി പൂർത്തീകരിക്കാനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ;

(സി) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനത്തിനായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly